**പതിമൂന്നാം കേരള നിയമസഭ**

**2-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1456 — 03-10-2011-ന് മറുപടി നൽകേണ്ടത്.

## ' ലോകായുക്തയുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി '

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| ചോദ്യം | ഉത്തരം |
| --- | --- |
| (എ). സംസ്ഥാന ഭരണത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്ന തിനും സുതാര്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പി ലാക്കുന്നതെന്ന് അറിയിക്കാമോ; | എ). സംസ്ഥാന ഭരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന തിനും സുതാര്യമാക്കുന്നതിനുമായി ഒട്ടേറെ പദ്ധതികൾ നടപ്പി ലാക്കിവരുന്നുണ്ട്. എല്ലാ സർക്കാർ ഉത്തരവുകളും സർക്കാർ ടെന്ററുകളും എല്ലാ സർക്കാർ ടെന്ററുകളുടെയും പ്രൈസ്ബിഡ് റിസൾട്ട് തുറക്കുന്ന അതേദിവസം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുക, എല്ലാ സർക്കാർ കരാറുകളും എഗ്രിമെന്റുകളും ഒപ്പിട്ട അതേ ദിവസം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഭരണ ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി മന്ത്രിമാ രുടെ വകുപ്പിനുകീഴിലുള്ള പരിപാടികളുടെ നടത്തിപ്പിനും വിലയിരുത്തലിനും പ്രത്യേകസംവിധാനം ഏർപ്പെടുത്തുകയും അവ മുഖ്യമന്ത്രി അവലോകനം നടത്തുന്നതുമാണെന്ന് തീരുമാനമെടുത്തിട്ടുണ്ട്. വികസനപരിപാടികൾ സൂക്ഷ്മമായി വിലയിരുത്തുന്നതിന് നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br><br>ഇ-ഗവേണൻസ് പദ്ധതികളിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററു കൾ, നെറ്റ് വർക്കുകളായ കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്വർക്ക് (കെ-സ്വാൻ), മലപ്പുറം വൈഡ് ഏരിയാ നെറ്റ്വർക്ക്, സെക്രട്ടേറിയറ്റ്, സിവിൽ സ്റ്റേഷൻ, വികാസ്ഭവൻ എന്നീ നെറ്റ്വർക്കുകൾ ഉൾപ്പെടുന്നു. ജനസേവന കേന്ദ്രങ്ങ ളായ അക്ഷയ, ഫ്രണ്ട്സ്, കാൾസെന്ററുകൾ, സർവ്വീസ് ഡെലിവറി ഗേറ്റ്വേകൾ, ഇ-മെയിൽ സെർവർ, ഇ-പ്രൊക്യൂർമെന്റ്, മൊബൈൽ ഗവേണൻസ്, വീഡിയോ കോൺഫറൻസിങ്, സിറ്റിസൺ കാൾസെന്റർ ഇവയ്ക്കാവ ശ്യമായ ഐ.ടി. അടിസ്ഥാന സൗകര്യവികസനം എന്നിവയും നിലവിലുണ്ട്. |

(.............2)

| | |
|---|---|
| (ബി). ഇതിന്റെ ഭാഗമായി ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന് ഏന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | ബി)ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമവും സുതാര്യവും വരവുചെലവുകണക്കുകൾ കൂടുതൽ കാര്യക്ഷമമാക്കുവാനും ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. വിവരസാങ്കേതിക വിദ്യാ വകുപ്പുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഒരു പുതിയ ഡാറ്റാ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.<br>ഇ-ഗവേണൻസ് പരിപാടികൾക്ക് ഊന്നൽ നൽകുവാൻ കെ-സ്വാന് രൂപംകൊടുത്തു. സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ ഇതിന്റെ അടിസ്ഥാനഘടകമായി പ്രവർത്തിക്കുന്നു. ഇത് എല്ലാ ജില്ലകളിലും 152 ബ്ലോക്ക് ആസ്ഥാനങ്ങളിലും 1660 സർക്കാർ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുളളത്. 1574 ഓഫീസുകളിൽ കെ-സ്വാൻ സേവനം ഇപ്പോൾ ലഭ്യമാണ്. 14 ജില്ലാ ആസ്ഥാനങ്ങളേയും 152 ബ്ലോക്കുകളേയും 1100 മറ്റു ഓഫീസുകളേയും വയർലെസ് വഴി കണക്ട് ചെയ്യുന്ന ജോലി പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി). സംസ്ഥാനത്തെ എല്ലാ സർക്കാർ അർദ്ധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളും ലോകായുക്തയുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി). നയപരമായ തീരുമാനങ്ങൾ എടുത്തിട്ടില്ല. |
| (ഡി). അഴിമതി തടയുന്നതിന്റെ ഭാഗമായി ലോകായുക്തയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | ഡി). നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ